# മാലിന്യ സംസ്കരണ പ്ലാൻറിനെതിരെ പ്രതിഷേധം

**വയനാട് ബ്യൂറോ**

കൽപ്പറ്റ: ചൂട്ടക്കടവിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിനെതിരെ ജനകീയ പ്രതിരോധം ഉയരുന്നു. കർമ്മ സമിതി രൂപീകരിച്ച് പ്രക്ഷോഭത്തിനുള്ള ഒരുക്കത്തിലാണ് നാട്ടുകാർ.

ചൂട്ടക്കടവിലെ പഞ്ചായത്ത് ശ്മശാനത്തിൽ സർക്കാർ സഹായത്തോടെ 25 ലക്ഷം രൂപ ചിലവഴിച്ച് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനാണ് മാനന്തവാടി പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത്. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ചാരിറ്റബിൾ ട്രസ്റ്റാണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്.

ജൈവ മാലിന്യങ്ങൾ മാത്രം സംസ്കരിക്കുന്നതിനുള്ള സജ്ജീകരണമാണ് പ്ലാന്റിലുള്ളത് പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്തു ചെയ്യണമെന്ന് പദ്ധതിയിലില്ല. മലിനജലം ശുദ്ധീകരിക്കാതെ വിതരണം ചെയ്യുന്നതു വഴി രോഗങ്ങളുണ്ടാകുന്നു. വേനൽക്കാലത്ത് മാലിന്യ അവശിഷ്ടങ്ങൾ പുഴയിൽ കലരുമെന്നും മഴക്കാലത്ത് വെള്ളം കയറി മാലിന്യങ്ങൾ പുഴയിൽ കലരുമെന്നും നാട്ടുകാർ പറയുന്നു.

പഞ്ചായത്തിന്റെ പൊതുശ്മശാനം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനേയും നാട്ടുകാർ എതിർക്കുന്നു. ശ്മശാനം മതിൽ കെട്ടി സംരക്ഷിക്കണമെന്ന ഗ്രാമസഭകളുടെ ആവശ്യം പഞ്ചായത്ത് അവഗണിക്കുകയാണ്.

പ്ലാന്റ് നിർമ്മിച്ചാലുണ്ടാകുന്ന ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്താതെയാണ് ഭരണസമിതി പ്ലാന്റ് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതെന്ന് കർമ്മസമിതി പറയുന്നു.

പ്ലാന്റ് സ്ഥാപിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് ആരോഗ്യമന്ത്രി, ആരോഗ്യവകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കലക്ടർ തുടങ്ങിയവർ ഇതിനകം കർമ്മസമിതി പരാതി നൽകിയെങ്കിലും ഒരു നടപടിയും അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

അഡ്വ. ടി.വി. സുഗതൻ, ചെയർമാനും, ജി. ശിവരാജൻ ജോ. കൺവീനറുമായ കർമ്മസമിതി പ്രത്യക്ഷ സമരപരിപാടികളിലേക്ക് നീങ്ങാനുള്ള തയ്യാറെടുപ്പിലാണിപ്പോൾ.